മദ്യ വിൽപന രംഗത്തുനിന്നും കരാറുകാരെ ഒഴിവാക്കുന്നത് സംബന്ധിച്ച്

4 (*67) ശ്രീ. യു. എസ്. ശശി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുന്ന ഏപ്രിൽ മാസം മുതൽ മദ്യവിൽപ്പന രംഗത്തുനിന്നും കരാറുകാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് ഒരു ധാരണ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ പകരം ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ&ബി) പുതിയ അബ്കാരി നയത്തിന്റെ വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടില്ല.

ശ്രീ. ടി. കെ. നൗഷാദ് : കേരളത്തിൽ മനുഷ്യ ജീവൻ നഷ്ടപ്പെടുത്തിയ ദൗർഭാഗ്യകരമായ മദ്യ ദുരന്തങ്ങൾ ഉണ്ടായിട്ടുള്ളത് കൊള്ള ലാഭത്തിനുവേണ്ടി പ്രവർത്തിക്കുന്ന അബ്കാരി കോൺട്രാക്ടർമാരുടെ പ്രവർത്തനം കൊണ്ടാണ്. അതുകൊണ്ടുതന്നെ ഈ രംഗത്ത് നിന്ന് അബ്കാരി കോൺട്രാക്ടർമാരെ ഒഴിവാക്കിക്കൊണ്ട് അബ്കാരി വ്യവസായം പൊതുമേഖലയിൽ നടത്താൻ സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. ടി. ശിവദാസമേനോൻ : ഒരു ഇൻസിനുവേഷനും ഇല്ലാതെ ഞാൻ പറയുന്നു, കള്ളു വ്യവസായ രംഗത്ത് നിന്നും അതുപോലെ തന്നെ വിദേശ മദ്യ റീട്ടെയിൽ എഫ്. എൽ. 1 ലൈസൻസിൽ നിന്നും സ്വകാര്യ കോൺട്രാക്ടർമാരെ സമ്പൂർണ്ണമായി ഒഴിവാക്കാനുള്ളള നിർദ്ദേശമാണ് ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിലുള്ളത്. അത് പൊതുമേഖലയിലും സഹകരണ മേഖലയിലുമാക്കും. എഫ്.എൽ. 1 ലൈസൻസ് പൊതുമേഖലയിലാക്കും. പൊതുമേഖലയെന്നു പറഞ്ഞാൽ ബിവറേജസ് കോർപ്പറേഷനോ, സിവിൽ സപ്ലൈസ് കോർപ്പറേഷനോ കൺസ്യൂമർ ഫെഡറേഷനോ ആകാം. കള്ള് ലേലം ഇല്ല. അത് തൊഴിലാളികളുടെ കോ-ഓപ്പറേറ്റീവ് ഡിസ്റ്റലറീസിന് കൊടുക്കും. ആ ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുന്നിലുണ്ട്. ഗവൺമെന്റിന്റെ ടാക്സ് ഡിപ്പാർട്ടുമെന്റ് ആ നിർദ്ദേശം പ്രോസസ് ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ആ പ്രൊപ്പോസലിനുമേൽ അന്തിമ തീരുമാനം എടുക്കേണ്ടതുണ്ട്.

ശ്രീ. ടി. കെ. നൗഷാദ് : കഴിഞ്ഞ യു. ഡി. എഫ്. ഗവൺമെന്റ് വെറും തെരഞ്ഞെടുപ്പ് തന്ത്രത്തിനുവേണ്ടി, യാതൊരു ദീർഘവീക്ഷണവുമില്ലാതെയാണ് ചാരായ നിരോധനം ഏർപ്പെടുത്തി തൊഴിലാളികളെ കഷ്ടത്തിലാക്കിയത്. എന്നാൽ ഈ ഗവൺമെന്റ് വളരെ ദീർഘവീക്ഷണത്തോടുകൂടി ഈ രംഗത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്നും സ്വകാര്യ വ്യക്തികളെ ഒഴിവാക്കി പൊതുമേഖലയെക്കൊണ്ടും സഹകരണ മേഖലയെക്കൊണ്ടും ഇത് നടത്തിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ കള്ളുചെത്ത്, വിദേശമദ്യ രംഗത്ത് പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. അവരുടെ തൊഴിൽ സംരക്ഷിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. ശിവദാസമേനോൻ : ഐ. എം. എഫ്. എൽ. പദ്ധതിയിൽ ഫോറിൻ ലിക്കർ റീട്ടെയിൽ ഔട്ട്‌ലെറ്റ് മദ്യ വ്യവസായ തൊഴിലാളികളുണ്ട്. ആ തൊഴിലാളികളുടെ താല്പര്യം സമ്പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടാണ് ഈ കാര്യങ്ങൾ ചെയ്യാൻ പോകുന്നത്. വെൽഫയർ ബോർഡിൽ രജിസ്റ്റർ ചെയ്ത ഷോപ്പ് തൊഴിലാളികളുടെ താല്പര്യം സമ്പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടുള്ള പ്രൊപ്പോസലാണ്. അതിന്മേൽ ഗവൺമെന്റ് ഉടനെ തന്നെ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. നൗഷാദിന്റെ ചോദ്യത്തിന് മുഴുവൻ ഉത്തരം നൽകിയില്ല.

ശ്രീ. ടി. ശിവദാസമേനോൻ : മുൻ ഗവൺമെന്റ് ചാരായനിരോധനം നടത്തി തൊഴിലാളികളെ വഴിയാധാരമാക്കിയതുപോലെ ഈ ഗവൺമെന്റ് ആരേയും വഴിയാധാരമാക്കുകയില്ല. അവരെ ഈ ഗവൺമെന്റ് സംരക്ഷിക്കും. എല്ലാ സെൻട്രൽ ട്രേഡ് യൂണിയനുകളുടെയും ഐ.എൻ.ടി.യു.സി., യു.ടി.യു.സി., സി. ഐ.ടി.യു., എ.ഐ.ടി.യു.സി. ലേബർ വകുപ്പുമന്ത്രി ശ്രീ. ബേബി ജോണിന്റെയും ലേബർ കമ്മീഷണറുടെയും സാന്നിദ്ധ്യത്തിലുണ്ടാക്കിയ ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ ഈ പ്രശ്നത്തിൽ സമ്പൂർണ്ണമായി നടപ്പിലാക്കി.

ശ്രീ. എം. എ. തോമസ് : കള്ളവാറ്റും മദ്യദുരന്തങ്ങളും കഴിവതും ഒഴിവാക്കുന്നതിനുവേണ്ടിയാണല്ലോ പുതിയ മദ്യനയം കൊണ്ടുവരുന്നത്. കഴിഞ്ഞ പ്രാവശ്യം മദ്യദുരന്തം ഉണ്ടായപ്പോൾ ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. വളരെ പ്രയാസപ്പെട്ട് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ടുവന്നപ്പോൾ പ്രസ്തുത അന്വേഷണക്കമ്മീഷനുമുമ്പാകെ പ്രതിപക്ഷത്തെ ആരും ഹാജരാകുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. ശിവദാസമേനോൻ : ഈ ചോദ്യം ഈ വിഷയത്തിന് പുറത്താണ്. ജുഡീഷ്യൽ അന്വേഷണം നടക്കുമ്പോൾ തെളിവ് കൊടുക്കാൻ പോകുന്നതിനും പോകാതിരിക്കുന്നതിനും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് അതിന്മേൽ ഞാൻ അഭിപ്രായം പറയുന്നില്ല.

ശ്രീ. എം. എ. തോമസ് : നാളികേരത്തിന്റെ വിലയിടിവിനെത്തുടർന്ന് കേര കർഷകർ തെങ്ങ് ചെത്തി കള്ളുണ്ടാക്കുന്നുവെന്ന പത്ര വാർത്തകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. ശിവദാസമേനോൻ : ലൈസൻസ് എടുത്ത് ട്രീടാക്സ് അടയ്ക്കുന്ന ആർക്കും തെങ്ങ് ചെത്താനുള്ള അവകാശമുണ്ട്. തെങ്ങിന്റെ ഉടമസ്ഥന് തൊഴിലാളിയാകുന്നതിനും തെങ്ങ് ചെത്തുന്നതിനും തെങ്ങിൽ കയറുന്നതിനും തെങ്ങ് മുറിച്ചു മാറ്റുന്നതിനും അവകാശമുണ്ട്. അത് മൗലികാവകാശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. മീനാക്ഷി തമ്പാൻ : വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ? ഇത് ഏതെങ്കിലും പൊതുമേഖലാ ഏജൻസികളെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. ശിവദാസമേനോൻ : കള്ള്, ഐ.എം. എഫ്. എൽ. ഇവ രണ്ടുമാണ് ലേലം ചെയ്തുകൊടുത്തിട്ടുള്ളത്. ഇത് കൊടുക്കുന്നതിൽ നിന്നും സ്വകാര്യ അബ്കാരി കോൺട്രാക്ടർമാരെ ഈ രംഗത്തുനിന്നും പൂർണ്ണമായി ഒഴിവാക്കി പൊതുമേഖലയിൽ കൊണ്ടുവരാനുള്ള പ്രൊപ്പോസലാണ് ഗവണ്മെന്റിന്റെ മുമ്പിലുള്ളത്. അതിന്മേൽ ഗവണ്മെന്റ് ഉടൻ തീരുമാനമെടുക്കും.

പ്രൊഫ. മീനാക്ഷി തമ്പാൻ : വ്യാജമദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയുമായി ബന്ധപ്പെട്ട് എത്ര കുറ്റകൃത്യങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ? ഈ കേസുകളുടെ ഇപ്പോഴത്തെ നിലയെന്താണ് ?

ശ്രീ. ടി. ശിവദാസമേനോൻ : പോലീസും എക്സൈസും കൂടെ കേസുകൾ എടുത്തിട്ടുണ്ട്. പ്രത്യേകം നോട്ടീസ് കിട്ടിയാൽ കൃത്യമായ വിവരം നൽകാം.

ശ്രീ. കെ. പി. രാജേന്ദ്രൻ : 1988-ലാണ് ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിക്കുന്നത്. മദ്യ വിൽപ്പനയും ചെത്തു വ്യവസായവുമായി ബന്ധപ്പെട്ട് വളരെ പ്രധാനമായ ഒരു റിപ്പോർട്ടാണത്. അതിലെ പ്രധാന ശുപാർശകളിൽ ഒന്നാണ് ഈ വ്യവസായത്തിൽ കരാറുകാരെയും ഇടത്തട്ടുകാരെയും ഒഴിവാക്കി കള്ള് ചെത്ത് തൊഴിലാളികൾ ഉൾപ്പെടുന്ന സഹകരണസംഘങ്ങളെ ഏൽപ്പിക്കണമെന്നുള്ളത്. ഇതുപോലെയുള്ള ഏതെല്ലാം ശുപാർശകളാണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ടി. ശിവദാസമേനോൻ : ഈ ഫെബ്രുവരി മാസത്തിലെ അബ്കാരി നയത്തിൽത്തന്നെ അക്കാര്യം തീരുമാനിക്കും. മദ്യ വ്യവസായം റീസ്ട്രക്ച്ചർ ചെയ്യാൻ നിയോഗിച്ച എല്ലാ വിഭാഗം തൊഴിലാളി സംഘടനാപ്രതിനിധികളുമടങ്ങുന്ന കമ്മിറ്റി അതിന്റെ ഇടക്കാല റിപ്പോർട്ട് തന്നിട്ടുണ്ട്. ഉദയഭാനുകമ്മീഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് പ്രസ്തുത റിപ്പോർട്ട്. ഈ വർഷം തന്നെ സ്വകാര്യ മുതലാളിമാരെയും കോൺട്രാക്ടർമാരെയും ഈ രംഗത്തു നിന്നും പൂർണ്ണമായി ഒഴിവാക്കി തൊഴിലാളികളുടെ സഹകരണ സംഘത്തെ ഏൽപ്പിക്കണമെന്ന് വ്യക്തമായി ഇടക്കാല റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഡിപ്പാർട്ടുമെന്റ് ഈ പ്രൊപ്പോസൽ ഗവൺമെന്റ് മുമ്പാകെ വച്ചിട്ടുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഗവൺമെന്റിന്റെ കർശനമായ നടപടികളെത്തുടർന്ന് കരാറുകാർ ഒഴിഞ്ഞുപോയ തൃശൂർ ജില്ലയിലെ അന്തിക്കാട്, ചേർപ്പ് തുടങ്ങിയ റേഞ്ചുകളിൽ കള്ള് ചെത്തു തൊഴിലാളി സഹകരണ സംഘങ്ങളാണ് ഷോപ്പ് നടത്തിക്കൊണ്ട് പോകുന്നത്. ആ മാതൃക പിന്തുടർന്നുകൊണ്ട് തൊഴിലാളികൾ നടത്തുമ്പോൾ അവർക്കാവശ്യമായ സംരക്ഷണം ഗവൺമെന്റ് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : അന്തിക്കാട്ടും ചേർപ്പിലും സഹകരണ സംഘങ്ങൾക്കല്ല കൊടുത്തിട്ടുള്ളത്. എ.ഐ.ടി.യു.സി., സി.ഐ.ടി.യു., ബി.എം.എസ്. തുടങ്ങിയ സംഘടനകളുടെ ജോയിന്റ് കമ്മിറ്റിയാണ് അവിടെ പ്രവർത്തിക്കുന്നത്. ഗവൺമെന്റ് ഉദ്ദേശിക്കുന്നത് അതല്ല. തൊഴിലാളികളുടെ രജിസ്റ്റേർഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രൂപീകരിച്ച് അവരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : പുതിയ മദ്യ നയത്തിൽ സ്വകാര്യ മേഖലയെ ഇല്ലാതാക്കി പൊതു മേഖലയെ ഏൽപ്പിക്കാനുള്ള തീരുമാനം നല്ല കോൺസപ്റ്റ് ആണ്. ഇതു വരുമ്പോൾ കള്ള് ഷോപ്പിലും ഫോറിൻ ലിക്കർ ഷോപ്പിലും വിതരണത്തിനുവേണ്ടി നിൽക്കുന്ന ക്ഷേമനിധിബോർഡിൽ അംഗമല്ലാത്തതായ ആയിരക്കണക്കിനുവരുന്ന തൊഴിലാളികൾക്കുകൂടി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. ശിവദാസമേനോൻ : ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികൾക്കെല്ലാം തൊഴിൽ നൽകും. അല്ലാതെ ഗവൺമെന്റിന് ഐഡന്റിഫൈ ചെയ്യാൻ കഴിയില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : മദ്യം കഴിക്കുന്നവർക്ക് കലർപ്പില്ലാത്ത, വിഷാംശമില്ലാത്ത മദ്യം നൽകുകയെന്നതാണ് പുതിയ മദ്യ നയം എന്നാണ് മനസ്സിലാക്കുന്നത്. അതിന് കടക വിരുദ്ധമായി, വിഷമദ്യ ദുരന്തവുമായി ബന്ധപ്പെട്ട ജുഡീഷ്യൽ എൻക്വയറി കമ്മീഷനുമായി നിസ്സഹരിക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനം മാറ്റിയെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. ശിവദാസമേനോൻ : തെളിവ് നൽകുന്നതിന് ആരെയും അറസ്റ്റ് ചെയ്തു കമ്മീഷൻ മുമ്പാകെ ഹാജരാക്കാൻ കഴിയില്ല. അതായത് തെളിവ് കൊടുക്കാൻ ഒരാളെയും നിർബന്ധിക്കാൻ ഗവൺമെന്റിനോ കമ്മീഷനോ കഴിയുകയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

അടിസ്ഥാന സൗകര്യ വികസന ഫണ്ട്

5 (*63) ശ്രീ. എം. മുരളി :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. ബാബു :
ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമാഹരിച്ച ഫണ്ടിൽ ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ട് ;

(ബി) ഈ ഫണ്ടിൽ നിന്നും 2001 ജനുവരി 31-വരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;